പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1580 | 14.06.2013 ൽ മറുപടിയ്ക്ക് |
|---|---|
| **കൽപ്പറ്റ നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടി** | |
| ചോദ്യം | ഉത്തരം |
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മാതൃകാ അംഗൻവാടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ 10 സെന്റ് സ്ഥലം സ്വന്തമായുള്ളതും എം.എൽ.എ മാർ ശുപാർശ ചെയ്യുന്നതുമായ അംഗൻവാടികളെയാണ് മാതൃകാ അംഗൻവാടികളാക്കി ഉയർത്തുന്നത്. 1584 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 2 നിലകളിലായി പണിയുന്ന മാതൃകാ അംഗൻവാടിയ്ക്ക് 23,75,000 രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (ബി) വയനാട് ജില്ലയിൽ ഏതെല്ലാം ബ്ലോക്കുകളിലാണ് ഇത്തരത്തിലുള്ള അംഗൻവാടികൾ ആരംഭിക്കുന്നത്; വ്യക്തമാക്കുമോ ; | (ബി) വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിൽ, സുൽത്താൻ ബത്തേരി പഞ്ചായത്തിലെ അംഗൻവാടി നമ്പർ 50 നെ മാതൃകാ അംഗൻവാടി ആയി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ